പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1180 15-10-2026-ൽ മറുപടിയ്ക്ക്

## നൃൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ — മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. കെ. രമ — ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പാക്കിവരുന്ന സ്കോളർഷിപ്പ്, പരിശീലന, മത്സരപരീക്ഷാ സഹായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കിവരുന്ന സ്കോളർഷിപ്പ്, പരിശീലന, മത്സരപരീക്ഷാ സഹായ പദ്ധതികളുടെ വിശദാംശം **അനുബന്ധം-1-**ആയി ചേർക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കുടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, (KSMDFC) മുഖേന ചുവടെച്ചേർക്കുന്ന വിദ്യാഭ്യാസ വായപാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

- ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്വദേശത്തോ വിദേശത്തോ പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ ചേരുന്നതിനുള്ള വിദ്യാഭ്യാസ വായ്പ
- പാരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ
- ബിരുദതലത്തിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്-ടോപ് വാങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന ലാപ്ടോപ് വായ്പ.
- ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ.

**പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലെ അംഗത്തിന്റെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക നിബന്ധനകൾക്ക് വിധേയമായി കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേന വിദ്യാഭ്യാസ ധനസഹായമായി നൽകി വരുന്നു. കൂടാതെ എസ്.എസ്.എൽ.സി/പ്ലസ്-ടു തത്തുല്യ പരീക്ഷകളിൽ മുഴവൻ വിഷയങ്ങൾക്കും A+ ലഭിച്ച ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 2000/- രൂപ വീതം മെറിറ്റ് അവാർഡും നൽകി വരുന്നുണ്ട്.**

**(ബി)** ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യതയും സ്വയംതൊഴിൽ സാധ്യതകളും വർധിപ്പിക്കുന്നതിനായി നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും നൽകുന്ന പദ്ധതികൾ

നിലവിലുണ്ടോ;

**<u>മറുപടി:</u>** ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യതയും സ്വയംതൊഴിൽ സാധ്യതകളും വർധിപ്പിക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് മുഖേന ചുവടെ പറയുന്ന നൈപുണ്യ വികസന പദ്ധതികളും തൊഴിൽ പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്. 1. സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ നൽകുന്ന പദ്ധതി (ITC- ഫീ റീ- ഇംമ്പേഴ്സ്മെന്റ് സ്കീം) 2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ് മുഖേന നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പരിപാടി

ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവാക്കളുടെ സ്വയംതൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, (KSMDFC) മുഖേന ചുവടെപ്പറയുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- സ്വയംതൊഴിൽ വായ്പ
- ബിസിനസ് വിപുലീകരണ വായ്പ
- പ്രവാസി സ്വയംതൊഴിൽ വായ്പ
- വിസ വായ്പ
- ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ

**(സി)** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്;

**<u>മറുപടി:</u>** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി 2. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയംതൊഴിൽ പദ്ധതി 3. വിവാഹപൂർവ്വ കൗൺസലിംഗ് (പാത്ത് വേ സോഷ്യൽ വെൽനസ് പ്രോഗ്രാം) 4. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നൽകുന്ന കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളും മദ്രസ്സാദ്ധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ പദ്ധതിയും 5. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) / പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ)

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, (KSMDFC) മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെച്ചേർക്കുന്നു.

- ഭവന വായ്പ
- മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ
- സുമിത്രം പദ്ധതി (വിവാഹം, ചികിത്സാ വായ്പ)
- വിധവ/വിവാഹ മോചിതർക്കുള്ള സ്വയംതൊഴിൽ വായ്പ
- മൈക്രോ ഫിനാൻസ് പദ്ധതി. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് മദ്രസ്സാദ്ധ്യാപകർക്കായി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.
- ചികിത്സാ ധനസഹായം

- മരണാനന്തര ധനസഹായം
- വിവാഹ ധനസഹായം
- പെൻഷൻ
- അവശതാ പെൻഷൻ
- വിദ്യാഭ്യാസ ധനസഹായം
- പ്രസവാനുകൂല്യം
- ഭവന നിർമ്മാണ വായ്പ.

**(ഡി)** വടകര നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളും മറ്റു പദ്ധതികളായ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി, ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി, മുതലായ പദ്ധതികളും, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ ജനസംഖ്യ അനുപാതം പാലിച്ച് കൊണ്ടാണ് വിതരണം ചെയ്തു വരുന്നത്. ആയതിനാൽ ഈ പദ്ധതി ആനുകൂല്യങ്ങൾ സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും അർഹരായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രമം പദ്ധതിയിൽ വടകര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

## സ്കോളർഷിപ്പുകൾ:

1.പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

2.സിവിൽ സർവ്വീസ് ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ്

3.വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് (ബിരുദ വിദ്യാർത്ഥികൾക്ക്)

4.സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്

5.ഐ.ഐ.ടി/ഐ.ഐ.എം/ഐ.ഐ.എസ്.സി/ഐ.എം.എസ്.സി സ്കോളർഷിപ്പ്

6.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്

7.മാർഗ്ഗദീപം സ്കോളർഷിപ്പ്

8.മദർ തെരേസ സ്കോളർഷിപ്പ്

9.ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്

10.സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്

11.ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്

12. ഓവർസീസ് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റീസ് (പുതിയ പദ്ധതി) (ബിരുദാനന്തര ബിരുദം, Ph.D വിദ്യാർത്ഥികൾക്ക്)

## പരിശീലന, മത്സരപരീക്ഷാ സഹായ പദ്ധതികൾ:

1. സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ നൽകുന്ന പദ്ധതി (ITC- ഫീ റീ- ഇംമ്പേഴ്സ്മെന്റ് സ്കീം)
2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ് മുഖേന നൈപുണ്യ പരിശീലന പരിപാടി
3. സൗജന്യ വ്യക്തിത്വ വികസന - കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്)
4. യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരിശീലനം
5. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (സിവിൽ സർവീസ്, പി.എസ്.സി, യു.പി.എസ്.സി, ബാങ്കിങ് തുടങ്ങിയ മത്സര പരീക്ഷകൾക്ക്)



**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

| ക്രമ നം | പ്രോജക്ടിന്റെ പേര് | അംഗീകരിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക | തൽസ്ഥിതി |
|---|---|---|---|---|
| 1 | ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ-വടകര മുനിസിപ്പാലിറ്റി സെമിനാർ ഹാൾ, STEM ലാബ് നിർമ്മാണം | 82.09 | 73.68 | പൂർത്തീകരിച്ചു |
| 2 | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-വടകര മുനിസിപ്പാലിറ്റി | 190 | 123.83 | പുരോഗമിക്കുന്നു |
| 3 | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അപ്ഗ്രേഡേഷൻ-പനിക്കോട്ടി | 160 | 62.82 | പുരോഗമിക്കുന്നു |
| 4 | ജില്ലാ ആശുപത്രി വടകരയ്ക്കായി ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ | 211.78 | 211.78 | പൂർത്തീകരിച്ചു |
| 5 | ഗവൺമെന്റ് ജില്ലാ ആശുപത്രി വടകര, ഘട്ടം II-ന്റെ നിർമ്മാണം | 8318.23 | 705.114 | പുരോഗമിക്കുന്നു |



**സെക്ഷൻ ഓഫീസർ**